പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2074 **26-10-2026-ൽ മറുപടിയ്ക്ക്**

കോഴിക്കോട് ജില്ലയിൽ പുതിയ റേഷൻകട

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. സി. കെ. കാസിം ശ്രീ. അനുപ് ജേക്കബ്

(ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി)

(എ) കോഴിക്കോട് ജില്ലയിലെ കൊടിയത്തൂർ ഗ്രാമപഞ്ചായത്ത് പതിനൊന്നാം വാർഡിൽ മൂന്ന് പട്ടികജാതി ഉന്നതികൾ ഉള്ള കാരാളിപറമ്പ് പ്രദേശത്ത് പുതിയ റേഷൻകട അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; ഇല്ലെങ്കിൽ പ്രദേശത്തെ പ്രത്യേക സാഹചര്യം പരിഗണിച്ച് റേഷൻകട അനുവദിക്കാനുള്ള നടപടി സ്വീകരിക്കുമോ;

മറുപടി: കോഴിക്കോട് ജില്ലയിലെ കൊടിയത്തൂർ ഗ്രാമപഞ്ചായത്ത് പതിനൊന്നാം വാർഡിൽ മൂന്ന് പട്ടികജാതി ഉന്നതികൾ ഉള്ള കാരാളിപറമ്പ് പ്രദേശത്ത് പുതിയ റേഷൻകട അനുവദിക്കുന്നതിനായി പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണർ ലഭ്യമാക്കിയ റിപ്പോർട്ട് സർക്കാർ പരിശോധിച്ചു വരുന്നു.

(ബി) കോഴിക്കോട് ജില്ലയിലെ മുക്കം ചേന്ദമംഗലൂർ പ്രദേശത്ത് സപ്ലൈകോ സ്റ്റോർ അനുവദിക്കാനുള്ള പ്രൊപ്പോസൽ പരിഗണനയിലുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യം ഗൗരവപൂർവ്വം പരിഗണിക്കുമോ;

മറുപടി: കോഴിക്കോട് ജില്ലയിലെ കൊടുവള്ളി ഡിപ്പോയുടെ കീഴിൽ ചേന്ദമംഗലൂർ പ്രദേശത്ത് പുതിയ മാവേലിസ്റ്റോർ ആരംഭിക്കുന്നതിനായുള്ള അപേക്ഷ കേരള സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ ലഭ്യമായിട്ടുണ്ട്. ടി അപേക്ഷയിന്മേൽ സാധ്യതാ പഠനം നടത്തി അനുയോജ്യമെങ്കിൽ വിൽപ്പനശാല ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) കോഴിക്കോട് ജില്ലയിലെ മുക്കം തൊണ്ടിമ്മൽ പ്രദേശത്ത് പട്ടികവർഗ്ഗ വിഭാഗത്തിന് അനുവദിച്ച റേഷൻകട ആ വിഭാഗത്തിൽപ്പെട്ടവർ ഇല്ലാത്തതിനാൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് അനുവദിക്കാനുള്ള പ്രൊപ്പോസൽ പരിഗണനയിലുണ്ടോ; ഇല്ലെങ്കിൽ അതിനാവശ്യമായ നടപടി സ്വീകരിക്കുന്ന കാര്യം പരിഗണിക്കുമോ?

മറുപടി: കോഴിക്കോട് ജില്ലയിലെ താമരശ്ശേരി താലൂക്കിലെ മുക്കം തൊണ്ടിമ്മൽ പ്രദേശത്ത് അനുവദിച്ച പുതിയ ന്യായവിലകടയ്ക്ക് സ്ഥിരം ലൈസൻസിയെ നിയമക്കുന്നതിനായി പട്ടികവർഗ്ഗ വിഭാഗത്തിൽ നിന്നും രണ്ടുതവണ വിജ്ഞാപനം ക്ഷണിച്ചുവെങ്കിലും അപേക്ഷകളൊന്നും ലഭ്യമായിട്ടില്ല. ഒരു തവണ കൂടി പ്രസ്തുത വിഭാഗത്തിനായി വിജ്ഞാപനം ക്ഷണിച്ചിട്ടും അപേക്ഷകളൊന്നും ലഭ്യമായിട്ടില്ലെങ്കിൽ ചട്ടപ്രകാരമുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ